ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ പരാതികളൊന്നും ലഭ്യമായിട്ടില്ല.

(ബി) പട്ടികവർഗ്ഗക്കാർക്ക് ലഭിച്ച ഭൂമി പട്ടയം നൽകി തിരിച്ചു പിടിക്കുന്നതുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലയിൽ 20 കേസുകൾ നിലവിലുണ്ട്. മറ്റു ജില്ലയിൽ ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സർക്കാർ പട്ടികവർഗ്ഗക്കാർക്കായി നൽകിയ ഭൂമി അനുമതി ഇല്ലാതെ കൈമാറ്റം ചെയ്യുന്നതിനും ഇപ്രകാരമുള്ള ഭൂമി പട്ടികവർഗ്ഗക്കാരിൽ നിന്നും കൈവശപ്പെടുത്തുന്നതിനും കേരളത്തിൽ ആരുടെയും പേരിൽ കേസ് എടുത്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സർക്കാർ വിതരണം ചെയ്യുന്ന ഭൂമി കൈമാറ്റം ചെയ്യുകയോ വിൽക്കുകയോ ചെയ്യരുത് എന്ന വ്യവസ്ഥയോടെയാണ് രജിസ്റ്റർ ചെയ്ത് നൽകുന്നത്. കൂടാതെ പുതിയ പദ്ധതികളിലൂടെ ഭൂമി അനുവദിക്കുമ്പോൾ രേഖകൾ 3 വർഷം വരെ ടി.ഇ.ഒ.-യുടെ പക്കൽ സൂക്ഷിക്കുന്നതാണ്. പട്ടികവർഗ്ഗക്കാരുടെ ഉടമസ്ഥതയിൽ ഉള്ള ഭൂമി കൈമാറ്റം ചെയ്യുന്നതിന് നിലവിൽ ജില്ലാ കളക്ടറുടെ പ്രത്യേക അനുമതി വേണമെന്നിരിക്കെ സർക്കാർ പട്ടികവർഗ്ഗ വ്യക്തികൾക്ക് നൽകിയ ഭൂമി ടിയാൻമാരുടെയോ പിൻമുറക്കാരുടെയോ കൈവശത്തിൽ നിന്ന് അന്യാധീനപ്പെടുന്ന സാഹചര്യം ഇല്ലാ എന്നാണ് വിലയിരുത്തുന്നത്.

മോഡൽ കോളനി പദ്ധതി

281 (648) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് മോഡൽ കോളനി പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗത്തിന്റെ സമഗ്ര വികസനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം, പത്തനംതിട്ട, വയനാട് എന്നീ ജില്ലകളിലെ 5 കോളനികളെയാണ് മോഡൽ കോളനി പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഒരു കോളനിയിൽ ചുരുങ്ങിയത് അഞ്ച് ഏക്കർ സ്ഥലത്ത് പരമാവധി 25 (ഇരുപത്തിയഞ്ച്) കുടുംബങ്ങളുടെ പുനരധിവാസത്തിനായി വീട്, അനുബന്ധ സൗകര്യങ്ങൾ, കോളനിയിലേക്ക് ടാറിട്ട റോഡ്, വൈദ്യുതി, കുടിവെള്ളം, കൃഷി ഫാം, കമ്മ്യൂണിറ്റി ഹാൾ, അംഗൻവാടി തുടങ്ങിയ എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ സ്വയംപര്യാപ്ത കോളനി സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) മാതൃകാ കോളനി സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഓരോ കോളനിയിലും 25 വീടുകൾ വീതം ആകെ 125 വീടുകൾ നിർമ്മിക്കുന്ന പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തികൾ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിച്ചിരിക്കുകയാണ്. ഭവന നിർമ്മാണം അന്തിമഘട്ടത്തിലാണ്.

ആദിവാസി മേഖലയിലെ വായ്പാ തട്ടിപ്പ്

282 (649) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബഹുവകുപ്പുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി മേഖലയിൽ വായ്പാ തട്ടിപ്പിനിരയായവരെ സഹായിക്കുന്നതിനുള്ള പട്ടികവർഗ്ഗ കമ്മീഷന്റെ ശുപാർശ എന്തെങ്കിലും ലഭ്യമായിട്ടുണ്ടോ ; ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ആദിവാസി മേഖലയിൽ വായ്പാതട്ടിപ്പിനിരയായവർ എത്രയുണ്ടെന്നും അവരുടെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്നും അന്വേഷിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശിപാർശകളൊന്നും ലഭ്യമായിട്ടില്ല.

(ബി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly